# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2556 — 06/12/2018-ൽ മറുപടിക്ക്

### ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. പ്രദീപ്കുമാർ<br>,, മുരളി പെരുനെല്ലി<br>,, കാരാട്ട് റസാഖ്<br>,, രാജു എബ്രഹാം** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭാവനം ചെയ്തിരിക്കുന്ന 10000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ സർക്കാർ അംഗീകാരം നൽകിയ 6375 കോടിയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള 110 കെ.വി സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400 കെ.വി/220 കെ.വി സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനുമുള്ള പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>ഒന്നാം ഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ<br>• മലപ്പുറം - മഞ്ചേരി ലൈൻ പാക്കേജിന്റെ പണി പൂർത്തീകരിച്ചു.<br>• മറ്റു രണ്ടു പദ്ധതികളായ Ernad Line Package – ഉം HTLS Line Package-ഉം M/s Sterlite Power Transmission Limited നവംബർ 2019-ൽ പൂർത്തിയാക്കാമെന്ന ലക്ഷ്യത്തോടെ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.<br>• Kochi Lines Package- ന്റെ OH ഭാഗം M/s L&T Limited, Chennai- ഉം Cable-ഭാഗം M/s KEI Industries Limited-ഉം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | ഇത് ആഗസ്റ്റ് 2020-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br>• North – South Interlink Package, Kottayam Lines Package, Thrissivaperur Line Package, North Malabar Line Package, Kolathunadu Line Package തുടങ്ങിയ 5 Line Package – കളുടെ ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു.<br>• സബ്സ്റ്റേഷൻ പാക്കേജുകളായ (മെയ് 2020-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന) AIS പാക്കേജ് (കോതമംഗലം, ചിത്തിരപുരം, മഞ്ചേരി, ചാലക്കുടി, 220 കെ.വി സബ്സ്റ്റേഷനുകൾ) M/s Siemens India Limited വഴിയും; ജനുവരി 2020-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന GIS Package-1 (ആലുവ, കലൂർ, കുന്നമംഗലം 220 സബ്സ്റ്റേഷനുകൾ) M/s GET & D Limited വഴിയും നടപ്പിലാക്കുന്നു. ഇവയുടെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. മറ്റ് 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ പ്രവൃത്തികൾ സ്ഥല ലഭ്യത ഉറപ്പാക്കുന്നതോടു കൂടി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയ്ക്കായി എത്ര തുകയാണ് വേണ്ടി വരുന്നതെന്നും പദ്ധതി എന്നേക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ട പദ്ധതി 2021-ഓടെയും 1629.60 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി 2024 ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിനായി 6375 കോടി രൂപയുടെ സാമ്പത്തിക സഹായം കേരള സർക്കാർ സംരംഭമായ KIIFB യുടെ Special Investment Package വഴി സ്വരൂപിക്കാൻ ഉത്തരവാകുകയും KIIFB യിൽ നിന്നും 5200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഏറനാട് ലൈൻ Package നും HTLS Line Package-നും കൂടി കേന്ദ്ര ഏജൻസിയായ PSDF ൽ നിന്നും ഏകദേശം 400 കോടി രൂപ ഗ്രാന്റായി അനുവദിച്ചു കിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ